ESTD:1976

കാരവൽ

1196 കുംഭം 12, 1442 റജബ് 12, 2021 ഫെബ്രുവരി 24 ബുധൻ

ഭൂമിയും ആകാശവും പിന്നെ ആഴക്കടലും

സംസ്ഥാനത്തെ ആഴക്കടലിലെ മീൻ പിടിക്കുന്നതിന് അമേരിക്കൻ ബഹുരാഷ്ട്ര കമ്പനിയുമായി മത്സ്യബന്ധന വകുപ്പുമന്ത്രി മേഴ്സിക്കുട്ടിയമ്മയും മന്ത്രി ഇ പി ജയരാജനും മുഖ്യമന്ത്രിയും ചർച്ച നടത്തുകയും ധാരണയുണ്ടാക്കുകകയും ചെയ്തിട്ടില്ലെന്നു കഴിഞ്ഞ ദിവസം വരെ ഇവർ പറഞ്ഞുകൊണ്ടിരിക്കുന്നതു ശരി തന്നെയായിരുന്നുവെന്നു സമ്മതിക്കുക. അങ്ങനെയാണെങ്കിൽ തിങ്കളാഴ്ച ആ കരാർ സർക്കാർ എന്തിനാണ് റദ്ദാക്കിയത്?

തോന്നുമ്പോൾ തോന്നുമ്പോൾ സംസ്ഥാനത്തിന്റെ താൽപര്യങ്ങൾ ലംഘിച്ചുകൊണ്ടു മന്ത്രിമാർക്കു ബഹുരാഷ്ട്രകമ്പനികളുമായി കരാർ ഉണ്ടാക്കാനാവുമോ? അത്തരത്തിൽ ഉണ്ടാക്കുന്ന കരാറുകൾ സംസ്ഥാനത്തെ ജനങ്ങളുടെ താൽപ്പര്യം സംരക്ഷിക്കാൻ നിയമപരമായി ഉണ്ടാകുന്നതാണെങ്കിൽ പിന്നെ അതെന്തിനു റദ്ദാക്കുന്നു?

ഭൂമി മാത്രമല്ല, ആകാശവും ആഴൽക്കടൽവരെയും സംസ്ഥാന സർക്കാർ വിറ്റുകാശാക്കുകയാണെന്ന പ്രതിപക്ഷ ആരോപണങ്ങൾ കഴമ്പുള്ളവയാണെന്നു കരാർ റദ്ദാക്കിക്കൊണ്ടുള്ള സർക്കാർ തീരുമാനം എടുത്തുകാട്ടുകയാണ്. ആരോപണം ഉയർന്നപ്പോൾ ഇതു സംബന്ധിച്ചു താൻ ആരുമായും ചർച്ച നടത്തിയിട്ടില്ലെന്നും മറിച്ചുള്ള ആരോപണങ്ങൾ പച്ചക്കള്ളമാണെന്നും ഫിഷറീസ് മന്ത്രി ആവർത്തിച്ചിരുന്നു. കരാർ സംബന്ധിച്ചു നിയമസഭയിൽ ചോദ്യം ഉയർന്നപ്പോൾ കൃത്യമായ മറുപടി പറയേണ്ട കാര്യത്തിനു മന്ത്രി ഇ പി ജയരാജൻ മറുപടി പറഞ്ഞില്ല. അതു ബോധപൂർവ്വം മറച്ചുവച്ചു. ഇതിനെ കുറിച്ചു തനിക്കൊന്നുമറിയില്ലെന്നും അതുമായി ബന്ധപ്പെട്ടുതാൻ ആരെങ്കിലുമായി ചർച്ച നടത്തുകയോ തന്നോട് ആരെങ്കിലും ചർച്ച നടത്തുകയോ ചെയ്തിട്ടില്ലെന്നും മുഖ്യമന്ത്രി പറഞ്ഞുകൊണ്ടിരുന്നെങ്കിലും ഇടപാടിൽ കക്ഷിയായ അമേരിക്കൻ കമ്പനി ഇ എം സി സിയുടെ പ്രസിഡന്റ് ഷിജുവർഗീസ് താൻ ഇവരുമായൊക്കെ ഇതു സംബന്ധിച്ചു ചർച്ച നടത്തിയെന്നു വെളിപ്പെടുത്തിയതോടെ കരാറിന്റെ ഒരു ഭാഗം റദ്ദു ചെയ്തു തൽക്കാലം സർക്കാർ തടിതപ്പുകയായിരുന്നു. മന്ത്രിമാരും കമ്പനി പ്രതിനിധികളുമായും നടന്ന കൂടിക്കാഴ്ചകളുടെ ചിത്രങ്ങൾ അതിനു മുമ്പു പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല പരസ്യപ്പെടുത്തുകയും ചെയ്തിരുന്നു.

സംസ്ഥാനത്ത് 590 കിലോമീറ്റർ തീരദേശമാണുള്ളത്. തലപ്പാടി മുതൽ കേരളത്തിന്റെ തെക്കേ അറ്റമായ വെള്ളറടവരെയുള്ള ദൂരമാണിത്. ഏതാണ്ട് 38863 ചതുര കിലോമീറ്റർ സ്ഥലം. തീരത്തോടു ചേർന്ന 13,000 ചതുരശ്രകിലോമീറ്റർ കടലിലെ കരയിൽ നിന്നു 12 നോട്ടിക്കൽ മൈൽ ദൂരമുള്ള സമുദ്രത്തിൽ നിന്ന് പ്രകൃതി കനിഞ്ഞു നൽകുന്ന മത്സ്യത്തെ പിടിച്ചു വിറ്റാണ് കടൽത്തീരത്തുള്ള ലക്ഷത്തോളം തീരദേശവാസികളായ മത്സ്യത്തൊഴിലാളികൾ ജീവിതം നിലനിറുത്തുന്നത്. ഈ വിഭാഗത്തിൽപ്പെട്ട ഒരാളാണ് ഫിഷറീസ് വകുപ്പുമന്ത്രി മേഴ്സിക്കുട്ടിയമ്മ. സ്വന്തം വിഭാഗത്തിൽ നിന്ന് ഒരാൾ തങ്ങളുടെ ജീവിതവും തൊഴിലുമായി ബന്ധപ്പെട്ട വകുപ്പിന്റെ അധികാരി ആവുമ്പോൾ തങ്ങളുടെ ഭാവി സുരക്ഷിതമാവുമെന്ന് ആരാണ് ആശിച്ചുപോകാത്തത്. പക്ഷേ, ആശകൾ ആശിക്കാൻ വേണ്ടിമാത്രമുള്ളവയാണെന്ന് ഈ വിവാദകരാറിലൂടെ അവരും സാക്ഷ്യപ്പെടുത്തുന്നു.

400 ട്രോളറുകളും അഞ്ചു മദർഷിപ്പുകളും നിർമ്മിക്കാനും അനുബന്ധ പ്രവർത്തനങ്ങൾക്കുമായിരുന്നു ധാരണാപത്രം. ഈ ധാരണയുടെ ആദ്യകരാറായ 5000 കോടി രൂപയുടെ ധാരണാപത്രവും അവിടെ സ്റ്റോറു ചെയ്യാനും സംസ്ക്കരിക്കാനും നൽകിയ നാല് ഏക്കർ ഭൂമി ഇടപാടും റദ്ദാക്കിയിട്ടില്ല.

സർക്കാർ നിയന്ത്രണത്തിലുള്ള പൊതുമേഖലാ സ്ഥാപനമായ കേരള ഇൻലാന്റ് നാവിഗേഷൻ കോർപറേഷനാണ് അമേരിക്കൻ ബഹുരാഷ്ട്രകമ്പനിയായ ഇ എം സി സിയുമായി കരാറിൽ ഒപ്പിട്ടതെങ്കിലും ഇതിന്റെ നിർണ്ണായക ഘട്ടങ്ങളിൽ ആരോപണ വിധേയരായ മന്ത്രിമാരും മുഖ്യമന്ത്രിയും വിവിധ വകുപ്പുകളുടെ പ്രധാന ഉദ്യോഗസ്ഥന്മാരും അനുബന്ധ കോർപറേഷൻ മേധാവികളും ബന്ധപ്പെട്ടിട്ടുള്ളതായി ഇതിനിടയിൽ സ്ഥിരീകരിക്കപ്പെട്ടിട്ടുണ്ട്.

ഇത്തരത്തിൽ ഇനിയും മുന്നോട്ടു പോയാൽ അധികം താമസിയാതെ കേരളത്തിന്റെ സ്ഥിതി എന്താകുമെന്ന് സാധാരണക്കാർ ആലോചിക്കാതിരിക്കില്ല. തിരഞ്ഞെടുപ്പു ഘട്ടത്തിൽ ഇത്തരം വെളിപ്പെടുത്തലുകളും പ്രതികരണങ്ങളും സർക്കാരിന്റെ വിശ്വാസ്യതക്കു വലിയ ഇളക്കമുണ്ടാക്കുന്നുണ്ട്. ഈ പോക്കു ശുഭസൂചകമല്ലെന്ന് ഇതുവരെയുള്ളതും ഇപ്പോൾ ഉയർന്നു കൊണ്ടിരിക്കുകയും ചെയ്യുന്ന വിവാദങ്ങളും എടുത്തുകാട്ടുകയാണ്.

ജയനാദം വാട്സപ്പ് കൂട്ടായ്മ ഷംസീദ ഫിറോസ് ഉദ്ഘാടനം ചെയ്യുന്നു

വാട്സപ്പ് കൂട്ടായ്മ തുടങ്ങി

കാസർകോട്: മനുഷ്യ മനസ്സുകളെ അകൽച്ചയിലേക്ക് നയിക്കുന്ന നെഗറ്റീവ് വാർത്തകൾക്ക് പകരം പ്രതീക്ഷയേകുന്ന പോസിറ്റീവ് വർത്തകൾക്കായിരിക്കണം മാധ്യമങ്ങൾ കൂടുതൽ ശ്രദ്ധ കൊടുക്കേണ്ടതെന്ന് കാസർകോട് നഗരസഭാ വൈസ് ചെയർപേഴ്സൻ ഷംസീദ ഫിറോസ് അഭിപ്രായപ്പെട്ടു.

ജയനാദം വാട്സ്ആപ് കൂട്ടായ്മ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അവർ. എഴുത്തുകാരി ഫാത്തിമ അബ്ദുള്ള അധ്യക്ഷം വഹിച്ചു. അൽ റാസി കോളേജ് പ്രിൻസിപ്പാൾ ഇബ്രാഹിം ക്ലാസെടുത്തു. ആയിഷത്ത് താഹിറ മുഖ്യാതിഥിയായി. ഫാത്തിമ അബ്ദുല്ലയുടെ ആമി രണ്ടാം പതിപ്പ് പ്രകാശനം ചെയ്തു. ഖാലിദ് പൊവ്വൽ വിവിധ മത്സര വിജയികൾക്കുള്ള സമ്മാന വിതരണം നടത്തി. തസീല സ്വാഗതവും റഫീഖ് നന്ദിയും പറഞ്ഞു.

ആഴക്കടലിൽ വിവാദ 'ചുഴി'

പ്രതിരോധം പാളിയതോടെ, ആഴക്കടൽ മത്സ്യബന്ധനത്തിന് യു എസ് കമ്പനിയായ ഇ എം സി സിയുമായുള്ള ധാരണാ പത്രം റദ്ദാക്കി സർക്കാർ തൽക്കാലം തടിയൂരി.

ധാരണാ പത്രത്തിൽ നിന്ന് പിൻവാങ്ങേണ്ടി വന്നത് പിണറായി വിജയനും സർക്കാരിനും തിരിച്ചടിയാവുമ്പോൾ രമേശ് ചെന്നിത്തലക്കും പ്രതിപക്ഷത്തിനും തെരഞ്ഞെടുപ്പിന് തൊട്ടുമുമ്പുള്ള രാഷ്ട്രീയ ഊർജ്ജമായി അതു മാറി.

സ്പ്രിംഗ്ളർ, ബ്രുവറി, പമ്പാ മണൽ നീക്കം തുടങ്ങിയ വിവാദങ്ങളിൽ കാണിച്ച പ്രതിരോധത്തിന്റെ നാലിലൊന്നു പോലും സർക്കാരിന് തുടരാനായില്ലെന്നത് എൽ ഡി എഫിന് ക്ഷീണമായി. അതേ സമയം തദ്ദേശ തിരഞ്ഞെടുപ്പ് തിരിച്ചടിക്ക് ശേഷം പി എസ് സി നിയമന പട്ടിക ഉൾപ്പെടെ ജനകീയ സമരങ്ങൾ ഏറ്റെടുത്ത് ഏറെ മുന്നോട്ട് പോയ കോൺഗ്രസിനും യു ഡി എഫിനും വലിയ രാഷ്ട്രീയ വിജയമാണിത്.

കൊച്ചിയിൽ നടന്ന ആഗോള നിക്ഷേപക സംഗമത്തിൽ ഒപ്പുവെച്ച 5000 കോടി രൂപയുടെ ധാരണാപത്രത്തിന്റെ തുടർച്ചയായി ഇ എം സി സിയും കേരള ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷനുമായുള്ള ഇടപാടാണ് വിവാദത്തെ തുടർന്ന് സർക്കാർ റദ്ദാക്കിയത്. 400 ട്രോളറുകളും ഒരു കപ്പലും നിർമ്മിക്കാനായിരുന്നു 2,950 കോടിയുടെ ഉപധാരണാപത്രം. 400 ആഴക്കടൽ മത്സ്യബന്ധനയാനങ്ങൾ നിർമ്മിക്കുക, അവക്കാവശ്യമായ ഹാർബറുകളും മത്സ്യ സംസ്ക്കരണ ശാലകളും മത്സ്യത്തൊഴിലാളികൾക്ക് മാത്രമായി ആശുപത്രികളും സ്ഥാപിക്കുക തുടങ്ങിയവയൊക്കെയായിരുന്നു 5000 കോടി ചെലവു വരുന്ന പദ്ധതിയിലെ നിർദ്ദേശങ്ങൾ. പതിനായിരക്കണക്കിനാളുകൾക്ക് തൊഴിലവസരം നൽകുന്ന പദ്ധതിയെന്ന നിലയിൽ അവതരിപ്പിക്കപ്പെട്ട ഈ കരാറിൽ അഴിമതി ആരോപിച്ച് പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല രംഗത്തെത്തിയതോടെയാണ് കാര്യങ്ങൾ മാറി മറിഞ്ഞത്.

തുടക്കത്തിൽ ആരോപണം അപ്പാടെ നിഷേധിച്ച് രംഗത്ത് വന്ന സർക്കാരിന് മണിക്കൂറിനുള്ളിൽ തന്നെ ചിലതെങ്കിലും തിരുത്തേണ്ടി വന്നു. ഒടുവിൽ ഉദ്യോഗസ്ഥരെ പഴിചാരി രക്ഷപ്പെടാനായിരുന്നു ശ്രമം.

മത്സ്യബന്ധനത്തിന് പുറമെ മത്സ്യോത്പ്പന്ന സംസ്ക്കരണത്തിനും വിപണനത്തിനുമായുള്ള ബൃഹത് പദ്ധതികൾക്കായി രുന്നു നീക്കം. പദ്ധതി രേഖ സമർപ്പിക്കുക മാത്രമാണു ചെയ്തതെന്നും അനുമതി ഉണ്ടായിട്ടില്ലെന്നുമുള്ള വാദമുയരുമ്പോഴും പ്രതിപക്ഷം പുറത്തുവിട്ട രേഖകൾ സർക്കാരിനെ പ്രതിക്കൂട്ടിൽ നിർത്തുന്നതായി. മന്ത്രിസഭ ചർച്ച ചെയ്യാത്തതും, മന്ത്രിമാരും മുഖ്യമന്ത്രിയും പോലും അജ്ഞത പ്രകടിപ്പിക്കുകയും ചെയ്തതുമായ പദ്ധതിയുടെ കാര്യത്തിൽ ആർക്കാണ് ഉത്തരവാദിത്വമെന്നും അമിത താൽപ്പര്യമെന്നും അറിയാൻ ജനങ്ങൾക്ക് ആഗ്രഹമുണ്ട്. മുഖ്യമന്ത്രിക്കും, ഫിഷറീസ് മന്ത്രി മേഴ്സിക്കുട്ടി അമ്മക്കും പുറമെ വ്യവസായ മന്ത്രി ഇ പി ജയരാജന്റെ വകുപ്പുമായും ബന്ധപ്പെട്ട നിരവധി അനുമതികൾ വേണ്ട പദ്ധതിയാണ് വകുപ്പുകൾ തമ്മിൽ യാതൊരു കൂടിയാലോചനയും ഇല്ലാതെ ഇത്രയേറെ മുന്നേറിയത്.

ഇടതുമുന്നണി സർക്കാറിന് ഒരു മത്സ്യനയമുണ്ടെന്നും ലക്ഷക്കണക്കിന് തൊഴിലാളികൾക്ക് ദോഷകരമായ യാതൊരു നടപടിയും ഉണ്ടാകില്ലെന്നും പറയുമ്പോൾ തന്നെയാണ് പരമ്പരാഗത തൊഴിലാളികളുടെ ജീവിതത്തെ പ്രതികൂലമായി ബാധിക്കാവുന്ന വൻ പദ്ധതിക്ക് അണിയറയിൽ നീക്കമുണ്ടായതും, പുറത്തുവന്നപ്പോൾ വൻ വിവാദമാവുകയും ചെയ്തത്.

കേരളത്തിൽ പത്ത് ലക്ഷത്തിലധികം മത്സ്യത്തൊഴിലാളികൾ ഉള്ളതായാണ് കണക്ക്. മത്സ്യമേഖലയിൽ ഉണ്ടാകുന്ന ഏതൊരു മാറ്റവും അവരുടെ ജീവിതത്തെ വളരെയധികം ബാധിക്കും. കൃത്യമായ ആസൂത്രണത്തോടെയുള്ള പദ്ധതികൾ ഉണ്ടായില്ലെങ്കിൽ "എരിതീയിൽ നിന്ന് വറചട്ടിയിലേക്ക്" എന്നതാകും അവരുടെ ജീവിതാവസ്ഥ.

സ്വാതന്ത്ര്യം മുതലേ മത്സ്യ ബന്ധനവും അനുബന്ധ മേഖലയും രാജ്യത്തിന്റെ സമ്പദ് ഘടനക്ക് ഏറെ പ്രധാനമാണെന്ന് തിരിച്ചറിഞ്ഞതാണ്. കാലാകാലം ഈ മേഖലയിൽ നിന്നുള്ള വരുമാനം വർധിച്ചെങ്കിലും അടിസ്ഥാന വിഭാഗത്തിന് മെച്ചമുണ്ടായില്ലെന്ന് വ്യക്തമാക്കുന്നതാണ് അവരുടെ ഇപ്പോളത്തെ അവസ്ഥ. ദുരിതക്കയങ്ങളിൽ നിന്ന് മത്സ്യ തൊഴിലാളികളെ രക്ഷിച്ചെടുക്കാൻ വേണ്ട ക്ഷേമ നയങ്ങൾ കൊണ്ടു വരുന്നതിന് പകരം അവരെ കൂടുതൽ ദുരിതത്തിലേക്ക് തള്ളിവിടുന്ന ഫിഷറീസ് നയത്തിനാണ് കേന്ദ്ര- സംസ്ഥാന സർക്കാരുകൾ ലക്ഷ്യമിടുന്നത്. അതിലൊരു വിവാദമാണ് ഇപ്പോൾ സംസ്ഥാനത്ത് പൊട്ടിപ്പുറപ്പെട്ടത്.

ഇടതു സർക്കാർ കേരളത്തിൽ കൊണ്ടു വരാൻ ശ്രമിച്ച അമേരിക്കൻ കരാർ അങ്ങേയറ്റം അമ്പരപ്പിക്കുന്നതാണ്. ഇ എം സി സി എന്ന അമേരിക്കൻ കമ്പനിയുമായി കേരള ഷിപ്പിംഗ് ആന്റ് ഇൻലാൻഡ് നാവിഗേഷൻ കോർപ്പറേഷൻ ഉണ്ടാക്കിയ ധാരണ സംസ്ഥാനത്തിന്റെ ഫിഷറീസ് നയത്തിൽ വലിയ വ്യതിയാനമാണ് ഉണ്ടാക്കിയത്. മുമ്പ് കേരള തീരത്തേക്ക് 220 ആഴക്കടൽ മത്സ്യബന്ധനയാനങ്ങൾ നിർദ്ദേശിച്ച മീനാകുമാരി റിപ്പോർട്ടിനെതിരെ നിയമലംഘന സമരങ്ങൾ അടക്കം വന്നപ്പോൾ ആ സമരത്തിൽ കൂടിയവർ തന്നെ ഇപ്പോൾ 400 കൂറ്റൻ ആഴക്കടൽ മത്സ്യബന്ധനയാനങ്ങൾക്ക് ധാരണയുണ്ടാക്കി എന്നത് വഞ്ചനാപരം തന്നെ. മൂന്നു വർഷം മുമ്പു നടന്ന ഫിഷറീസ് മന്ത്രിയുടെ അമേരിക്കൻ സന്ദർശനം തുടങ്ങി ഇക്കഴിഞ്ഞ നിക്ഷേപക സൗഹൃദ സംഗമമായ അസൈൻഡ് വരെ വിവിധ ഘട്ടങ്ങളിലായി ഈ കെണി സർക്കാരും അമേരിക്കൻ കമ്പനിയും കൂടി നടത്തി വരികയായിരുന്നു. നമ്മുടെ കടലിലെ മുഴുവൻ മത്സ്യ സമ്പത്തും ഈ അമേരിക്കൻ കമ്പനി ഊറ്റിയെടുത്തേനെ.

പ്രതിപക്ഷം കൈ യ്യോടെ പിടികൂടിയില്ലായിരുന്നെങ്കിൽ വൻ ദുരന്തം നമ്മുടെ മത്സ്യബന്ധന മേഖലയിൽ ഉണ്ടാകുമായിരുന്നു എന്നതിൽ തർക്കമില്ല.

ദിനേശൻ

എസ് കെ എസ് എസ് എഫ് സ്ഥാപക ദിനം ആഘോഷിച്ചു

പച്ചക്കാട്: എസ് കെ എസ് എസ് എഫ് അണങ്കൂർ ക്ലസ്റ്റർ സംഘടിപ്പിച്ച സ്ഥാപക ദിന പരിപാടിയും ദിക്ർ ദുആ മജ് ലിസും സമസ്ത ജില്ലാ മുശാവറ അംഗം അഹമ്മദ് ഫൈസി ഉദ്ഘാടനം ചെയ്തു. ഫൈസൽ പച്ചക്കാട് അധ്യക്ഷനായി. ലത്തീഫ് സ്വാഗതം പറഞ്ഞു, ഫാറൂഖ് ദാരിമി മുഖ്യ പ്രഭാഷണം നടത്തി, ബഷീർ ദാരിമി, ഹാരിസ് ദാരിമി, ഖാലിദ്, ഇർഷാദ് ഹുദവി, അബുബക്കർ ബാഖവി, ശിഹാബ് അണങ്കൂർ, സാലിം ബെദിര, മുഹമ്മദ് കുഞ്ഞി ഹാജി പച്ചക്കാട്, അബ്ദുസ്സമദ് മൗലവി പച്ചക്കാട്, ളിയാഹുദ്ധീൻ ഹുദവി, ടി കെ അഷ്റഫ്, റശീദ്, ശറഫുദ്ധീൻ മൗലവി, സൈനുദ്ധീൻ പ്രസംഗിച്ചു. അബുബക്കർ ഹനീഫി ഖത്മുൽ ഖുർആൻ പ്രാർത്ഥനയ്ക്ക് നേതൃത്വം നൽകി.

SKSSF
അണങ്കൂർ ക്ലസ്റ്റർ കമ്മി

എസ് കെ എസ് എസ് എഫ് അണങ്കൂർ ക്ലസ്റ്റർ സംഘടിപ്പിച്ച സ്ഥാപക ദിന പരിപാടിയും പ്രാർത്ഥനാ സദസ്സും സമസ്ത ജില്ലാ മുശാവറ അംഗം അഹമ്മദ് ഫൈസി തുരുത്തി ഉദ്ഘാടനം ചെയ്യുന്നു

വെഹിക്കിൾ സ്ക്രാപേജ് പോളിസി പുന:പരിശോധിക്കണം

കാസർകോട്: മോട്ടോർ വാഹന ഉപയോഗത്തിന് കാലപരിധി നിശ്ചയിച്ച് കൊണ്ട് കേന്ദ്ര ധനമന്ത്രി നിർമല സീതാരാമൻ ബജറ്റിൽ പ്രഖ്യാപിച്ച വെഹിക്കിൾ സ്ക്രാപേജ് പോളിസി നിയമം പുന:പരിശോധിക്കണമെന്ന് വിസ്ഡം യൂത്ത് ജില്ലാ കമ്മറ്റി സംഘടിപ്പിച്ച മോട്ടോർ വാഹന തൊഴിലാളി സമ്മേളനം ആവശ്യപ്പെട്ടു. എൻ. എ നെല്ലിക്കുന്ന് എം എൽ എ സമ്മേളനം ഉദ്ഘാടനം ചെയ്തു. അസി. മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ അരുൺ രാജ് ഗതാഗതനിയമങ്ങളുമായി ബന്ധപ്പെട്ട സംശയങ്ങൾക്ക് മറുപടി നൽകി സംസാരിച്ചു .റഷീദ് കൊടക്കാട് മുഖ്യ പ്രഭാഷണം നടത്തി അഫീഫ് മദനി സിയാബ്. സി.എച്ച് നാസർ മല്ലം സംസാരിച്ചു.

ഇന്ധന വില വർദ്ധനവിനെതിരെ കോൺഗ്രസ് പ്രവർത്തകർ പൊയിനാച്ചിയിൽ നടത്തിയ പ്രതിഷേധ പരിപാടി

പൊയിനാച്ചിയിൽ പ്രതിഷേധ പരിപാടി സംഘടിപ്പിച്ചു

പൊയിനാച്ചി: ദിവസം തോറും ഇന്ധനവില വർദ്ധിപ്പിക്കുന്ന കേന്ദ്ര സർക്കാറിന്റെ ജനവിരുദ്ധ നയങ്ങൾക്കെതിരേയും പി എസ് സിയെ നോക്കുകുത്തിയാക്കി റാങ്ക് ഹോൾഡേഴ്സിനെ പരിഹാസ്യരാക്കുന്ന സംസ്ഥാന സർക്കാറിനെതിരേയും കോൺഗ്രസ് പത്താം വാർഡ് കമ്മിറ്റിയുടെ നേതൃത്വത്തിൽ പൊയിനാച്ചിയിൽ ഗ്യാസ് സിലിണ്ടറിൽ റീത്ത് സമർപ്പിച്ചും വാഹനങ്ങൾ തള്ളിയും കോലം കത്തിച്ചും പ്രതിഷേധ പരിപാടികളും പൊതുയോഗവും സംഘടിപ്പിച്ചു. ചെമ്മനാട് മണ്ഡലം കോൺഗ്രസ് പ്രസിഡന്റ് കൃഷ്ണൻ ചട്ടഞ്ചാൽ ഉദ്ഘാടനം ചെയ്തു. പ്രദീപ് കുമാർ ആടിയം ആധ്യക്ഷം വഹിച്ചു. ബാലകൃഷ്ണൻ നായർ, രാജൻ കെ, സുകുമാരൻ, പി വി കുഞ്ഞികൃഷ്ണൻ, വാമനൻ ആടിയം, രാജേന്ദ്രൻ, ശ്രീജിത്ത് കുമാർ എൻ സി. ഹരിഹരൻ, രാമകൃഷ്ണൻ എന്നിവർ പ്രസംഗിച്ചു.

കേന്ദ്ര സർക്കാർ തീരുമാനം പിൻവലിക്കണം: സി.ഐ.ടി.യു

കാഞ്ഞങ്ങാട്: 15 വർഷം പഴക്കമുള്ള വാഹനങ്ങളെ റോഡിൽ നിന്ന് ഒഴിവാക്കാനുള്ള കേന്ദ്ര സർക്കാർ തീരുമാനം പിൻവലിക്കുക, പെട്രോളിയം ഉല്പന്നങ്ങളുടെ നിത്യേനയുള്ള വില വർദ്ധനവ് തടയുക എന്നീ ആവശ്യങ്ങൾ ഓട്ടോറിക്ഷ തൊഴിലാളി യൂണിയൻ (സി.ഐ.ടി.യു) കാഞ്ഞങ്ങാട് ഡിവിഷൻ സമ്മേളനം ആവശ്യപ്പെട്ടു. സി.ഐ.ടി.യു ജില്ലാ പ്രസിഡന്റ് വി.പി.പി മുസ്തഫ ഉദ്ഘാടനം ചെയ്തു. ഡിവിഷൻ പ്രസിഡന്റ് വിനേഷ് ഞാണിക്കടവ് ആധ്യക്ഷം വഹിച്ചു. ഡിവിഷൻ സെക്രട്ടറി സി.ബാലകൃഷ്ണൻ, സി.എച്ച് കുഞ്ഞമ്പു, യു. കെ പവിത്രൻ, കെ.വി രാഘവൻ, ജയപാൽ, എം.പൊക്ലൻ, രാഘവൻ പള്ളത്തുങ്കാൽ സംസാരിച്ചു.

2021 ഫെബ്രുവരി 19 രാവിലെ 10 മണിക്ക്
ലക്ഷ്മിനഗർ । സ: നെല്ലിക്കാട്ട് കുഞ്ഞമ്പുനഗർ
ഉദ്ഘാടനം: സ: വി.പി.പി മുസ്തഫ (CITU ജില്ലാ പ്രസിഡണ്ട്)

ഓട്ടോ റിക്ഷാ തൊഴിലാളി യൂണിയൻ (സി ഐ ടി യു) കാഞ്ഞങ്ങാട് ഡിവിഷൻ സമ്മേളനം വി പി പി മുസ്തഫ ഉദ്ഘാടനം ചെയ്യുന്നു

ഡി വൈ എഫ് ഐ ഉക്കിനടുക്ക യൂണിറ്റ് സ്വീകരണ പരിപാടി കെ.പി സതീഷ് ചന്ദ്രൻ ഉദ്ഘാടനം ചെയ്യുന്നു

സ്വീകരണം നൽകി

ബദിയടുക്ക: ഡി.വൈ.എഫ്.ഐ ഉക്കിനടുക്ക യൂണിറ്റിന്റെ നേതൃത്വത്തിൽ ജനപ്രതിനിധികൾക്ക് സ്വീകരണം നൽകി. പുത്തിഗെ പഞ്ചായത്ത് പ്രസിഡന്റ് ഡി.സുബ്ബണ്ണ ആൾവ, എൻമകജെ, ബദിയടുക്ക പഞ്ചായത്ത് ഇടത് പ്രതിനിധികൾക്കുമാണ് സ്വീകരണം നൽകിയത്. ഉക്കിനടുക്ക ടൗണിൽ നടന്ന പൊതുയോഗം സി.പി.എം സംസ്ഥാന കമ്മറ്റി അംഗം കെ പി സതീഷ് ചന്ദ്രൻ ഉദ്ഘാടനം ചെയ്തു. അബ്ദുൽ അസീസ് ആധ്യക്ഷം വഹിച്ചു. അബ്ദുല്ല സ്വാഗതം പറഞ്ഞു. ശങ്കർ റൈ, ഡി.സുബ്ബണ്ണ ആൾവ, കെ. ജഗന്നാഥ ഷെട്ടി, ബി.ശോഭ, വിനോദ്, കൃഷ്ണ ബദിയടുക്ക, പഞ്ചായത്ത് മെമ്പർ ജ്യോതി കാര്യാട്, രാമകൃഷ്ണ റൈ, അബ്ദുല്ല ബാളിഗെ, ഡി.വൈ.എഫ്.ഐ ജില്ലാ കമ്മറ്റി അംഗം സചിത റൈ, നാസറുദ്ധീൻ, ട്രഷറർ പി. രഞ്ജിത്ത് സംസാരിച്ചു.

എ.ടി.ഉമ്മർ സ്മാര പുരസ്കാരം കാഞ്ഞങ്ങാട് രാമചന്ദ്രന് സമർപ്പിച്ചു

കാഞ്ഞങ്ങാട്:മലയാളികൾക്ക് മധുരമൂറുന്ന നിരവധി ഗാനങ്ങൾ സംഭാവന ചെയ്ത ചലചിത്ര സംഗീത സംവിധായൻ എ.ടി. ഉമ്മറിന്റെ സ്മരണയ്ക്കായി കണ്ണൂർ എ.ടി. ഉമ്മർ മെമ്മോറിയൽ മ്യൂസിക് ക്ലബ്ബ് ഏർപ്പെടുത്തിയ ഈ വർഷത്തെ എ.ടി. ഉമ്മർ സ്മാരക അവാർഡ് പ്രശസ്ത സംഗീതജ്ഞനും, സംഗീത സംവിധായകനുമായ സംഗീതരത്നം ഡോ:കാഞ്ഞങ്ങാട് രാമചന്ദ്രന് സമർപ്പിച്ചു.

ചെറുകുന്ന് വൈഖരി സംഗീത വിദ്യാലയ ഓഡിറ്റോറിയത്തിൽ നടന്ന പുരസ്കാര സമർപ്പണ ചടങ്ങിൽ വെച്ച് സംസ്ഥാന ചലചിത്ര പുരസ്കാര ജേതാവും, സംവിധായകനുമായ ഷെരീഫ് ഈസയിൽ നിന്നും കാഞ്ഞങ്ങാട് രാമചന്ദ്രൻ പുരസ്കാരം സ്വീകരിച്ചു. പുന്നാരനാട് മ്യൂസിക്കൽ വീഡിയോ ആൽബത്തിന്റെ ഗാനരചയിതാവും സംവിധായകനുമായ റഹീം പൂവാട്ട് പറമ്പിനും എ.ടി.ഉമ്മർ അവാർഡ് സമ്മാനിച്ചു.എയറോസിസ് കോളേജ് എം.ഡി. ഡോ:ഷാഹൂൽ ഹമീദ് ആധ്യക്ഷം വഹിച്ചു. എ.ടി.ഉമ്മറിന്റെ പത്നി ഫഫ്സത്ത് ഉമ്മർ,മകൻ അമർ ഇലാഹി തുടങ്ങിയവർ മുഖ്യാതിഥികളായി.

ചലച്ചിത്ര സംവിധായകൻ എ.ടി.ഉമ്മറിന്റെ സ്മരണയ്ക്കായി കണ്ണൂർ എ.ടി.ഉമ്മർ മെമ്മോറിയൽ മ്യൂസിക് ക്ലബ്ബ് ഏർപ്പെടുത്തിയ ഈ വർഷത്തെ എ.ടി.ഉമ്മർ സ്മാരക പുരസ്കാരം കാഞ്ഞങ്ങാട് രാമചന്ദ്രന് സമർപ്പിക്കുന്നു

കർണ്ണാടകയുടെ നീക്കത്തിൽ കേരളത്തിന്റെ ഇടപെടൽ വേണം: ഖമറുദ്ധീൻ എം.എൽ.എ.

കാസർകോട്: മംഗളൂരു യാത്രക്ക് കോവിഡ് പരിശോധന റിപ്പോർട്ട് നിർബന്ധമാക്കിയ മംഗളൂരു ജില്ലാ ഡെപ്യൂട്ടി കമ്മീഷണറുടെ തീരുമാനം കർണ്ണാട സർക്കാർ ഉത്തരവിന് വിരുദ്ധമാണെന്നും കേരള സർക്കാർ വിഷയത്തിൽ ഇടപെടണമെന്നും മഞ്ചേശ്വരം എം.എൽ.എ, എം.സി. ഖമറുദ്ധീൻ ആവശ്യപ്പെട്ടു.

മംഗളൂരുവിലേക്ക് നിത്യേന യാത്ര ചെയ്യേണ്ടി വരുന്ന കാസർകോട്, കണ്ണൂർ ജില്ലകളിൽ ഉൾപ്പെടെയുള്ള വിദ്യാർത്ഥികളെയും,വ്യാപാരികളെയും,ചികിത്സ തേടിയെത്തുന്ന രോഗികളെയും പ്രതികൂലമായി ബാധിക്കുന്ന ദ്രോഹ നടപടിയാണ് പുതിയ തീരുമാനം.

സന്ദർശന ആവശ്യത്തിനോ, താമസിക്കുന്നതിനോ, ഹോസ്റ്റൽ വാസത്തിനോ എത്തുന്നവർക്കാണ് നിലവിൽ കോവിഡ് പരിശോധനാ റിപ്പോർട്ട് കർണ്ണാടക സർക്കാർ നിർബന്ധമാക്കി യിട്ടുള്ളത്.

നിലവിലെ സാഹചര്യം മലയാളികളെ സാരമായി ബാധിക്കുന്നതാണെന്നും, മലയാളികൾക്ക് അവ മതിപ്പുണ്ടാക്കുന്നതാണെന്നും ഖമറുദ്ധീൻ എം എൽ എ കൂട്ടിച്ചേർത്തു.

കാസർകോട് എസ് വൈ എസിന് പുതിയ ഭാരവാഹികൾ

കാസർകോട്: സമസ്ത കേരള സുന്നി യുവജന സംഘം (എസ് വൈ എസ്) ജില്ല കമ്മറ്റിക്ക് പുതിയ സാരഥികളായി.

പ്രസിന്റായി സയ്യിദ് അഹ്മദ് ജലാലുദ്ദീൻ ബുഖാരി സ അദിയേയും ജനറൽ സെക്രട്ടറിയായി അബ്ദുൽ ഖാദിർ സഖാഫി കാട്ടിപ്പാറയേയും തെരെഞ്ഞെടുത്തു. അബ്ദുൽ കരീം ദർബർകട്ടയാണ് ഫൈനാൻസ് സെക്രട്ടറി. വൈസ് പ്രസിഡന്റുമാരായി സയ്യിദ് സൈനുൽ ആബിദീൻ മുത്തുക്കോയ തങ്ങൾ കണ്ണവം (ദഅ്‌വ), വി പി യു ഹംസ മിസ്ബാഹി ഓട്ടപ്പടവ് (സാന്ത്വനം)

സെക്രട്ടറിമാരായി മൂസ സഖാഫി കളത്തൂർ (ഒർഗനൈസിംഗ്) അബൂബക്കർ കാമിൽ സഖാഫി പാവൂറടുക്ക (ദഅ്‌വ) ബി കെ അഹ്മദ് മുസ്ലിയാർ കുണിയ (സാന്ത്വനം) ശാഫി സഅദി ഷിറിയ (സാമൂഹികം) സിദ്ദീഖ് സഖാഫി ബായാർ(സാംസ്കാരികം) താജുദ്ദീൻ മാസ്റ്റർ(മീഡിയ) എന്നിവരെ തെരെഞ്ഞെടുത്തു.

സംസ്ഥാന കൗൺസിലർമാരായി എൻ പി മുഹമ്മദ് സഖാഫി പാത്തൂർ, അബ്ദു റസാഖ് സഖാഫി കോട്ടക്കുന്ന്, ജബ്ബാർ മിസ്ബാഹി മൗക്കോട്, അബ്ദുല്ല പൊവ്വൽ, നൗശാദ്, തൃക്കരിപ്പൂർ, അശ്രഫ് സുഹ്‌രി പരപ്പ, മൂസ സഖാഫി, അബൂബക്കർ കാമിൽ സഖാഫി, സിദ്ദീഖ് സഖാഫി എന്നിവരെയും തെരെഞ്ഞെടുത്തു.

സയ്യിദ് പി എസ് ആറ്റക്കോയ തങ്ങളുടെ അധ്യക്ഷതയിൽ സമസ്ത കേന്ദ്ര മുശാവറാംഗം സയ്യിദ് കെ എസ് ആറ്റക്കോയ തങ്ങൾ കുമ്പോൽ ഉദ്ഘാടനം ചെയ്തു.

എസ് വൈ എസ് ജില്ല സാരഥികളായി തെരെഞ്ഞെടുക്കപ്പെട്ട സയ്യിദ് അഹ്മദ് ജലാലുദ്ദീൻ ബുഖാരി സഅദി (പ്രസി.) അബ്ദുൽ ഖാദിർ സഖാഫി കാട്ടിപ്പാറ (ജന. സെക്ര.) അബ്ദുൽ കരീം ദർബാർകട്ട (ഫൈ. സെക്ര.)